# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5411</u> <u>04.07.2013-ലെ മറുപടിക്ക്</u>

## <u>ആലപ്പുഴ മെഡിക്കൽ കോളേജിൽ സൈക്യാട്രി ഡോക്ടറെ നിയമിക്കാൻ നടപടി</u>

| <u>ചോദ്യം</u><br>ശ്രീ. ജി. സുധാകരൻ : | <u>ഉത്തരം</u><br>ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|
| (എ) ആലപ്പുഴ മെഡിക്കൽ കോളേജിൽ സൈക്യാട്രി വിഭാഗത്തിൽ മതിയായ ഡോക്ടർമാരില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ മതിയായ ഡോക്ടർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ; | (എ) ഉണ്ട്, ആലപ്പുഴ മെഡിക്കൽ കോളേജിൽ സൈക്യാട്രി വിഭാഗത്തിൽ നിലവിലുള്ള മൂന്ന് ഡോക്ടർമാരുടെ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്. |
| (ബി) സൈക്യാട്രി വിഭാഗം ഒ.പി. കെട്ടിടത്തിന്റെ നിർമ്മാണം എന്നാണ് ആരംഭിച്ചത്. അടങ്കൽ തുക എത്ര ; ആരാണ് കരാറുകാരൻ, കരാർ അനുസരിച്ച് പണി എന്നു പൂർത്തിയാക്കണം ; പണി പൂർത്തീകരിക്കുന്നതിന് തടസ്സമെന്താണെന്നും വ്യക്തമാക്കാമോ ? | (ബി) ആലപ്പുഴ മെഡിക്കൽ കോളേജിൽ സൈക്യാട്രി വിഭാഗം ഒ.പി. കെട്ടിടത്തിന്റെ നിർമ്മാണം 6.10.2008 ലാണ് ആരംഭിച്ചത്. അടങ്കൽ തുക 29 ലക്ഷം രൂപയാണ്. കരാറു നൽകിയത് ആലപ്പുഴ നിർമ്മിതി കേന്ദ്രത്തിനാണ്. ആദ്യ അഡ്വാൻസ് ലഭിച്ച് 6 മാസത്തിനുള്ളിൽ പണി പൂർത്തീകരിക്കണം എന്നതായിരുന്നു വ്യവസ്ഥ. പ്രസ്തുത ജോലി ആരംഭിച്ചപ്പോൾത്തന്നെ ട്രേഡ് യൂണിയൻ ജോലി തടസ്സപ്പെടുത്തി. ആ പ്രശ്നം പിന്നീട് പരിഹരിച്ചെങ്കിലും നിർമ്മാണം നടക്കേണ്ട സ്ഥലത്ത് ഉണ്ടായിരുന്ന രണ്ട് വൃക്ഷങ്ങൾ വെട്ടിമാറ്റുന്നതിനുള്ള അനുവാദം ലഭിക്കുന്നതിനും തുടർന്ന് ജലം ലഭിക്കാതെ വന്നതും കാരണം നിർമ്മാണ പ്രവൃത്തികൾ വൈകി. എന്നാൽ ഇപ്പോൾ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ